പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4036      21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

| ചോദ്യം<br>ഡോ.എൻ. ജയരാജ് | | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്. 2003-ൽ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കുവാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായ പഠനം നടത്തുകയും 32 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും അംഗീകരിക്കുകയും ചെയ്തു. ടി സമിതിയുടെ 28 നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂടുതൽ വിശദമായ പഠനത്തിനായി CRISIL എന്ന ഏജൻസിയെ നിയോഗിച്ചു.<br>2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന സാമ്പത്തിക വിദഗ്ധനെകൊണ്ട് കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്ന് കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു.<br>2008-ൽ അന്നത്തെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ.റ്റി.പി. സെൻകുമാർ കെ.എസ്.ആർ.ടി.സി. യെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും, പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും കാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുവാൻ തീരുമാനിച്ചു. 11 നിർദ്ദേശങ്ങളോട് കൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്ക |
| (ബി) | പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം എന്തൊക്കെ പരിഷ്കാരങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു.<br>M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിൽ ഉള്ളതുമായ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലും ഉള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് നൽകി വരികയും ചെയ്തിരുന്നു (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്). |
| (സി) | പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്തുമോ; വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ കൊൽക്കത്തയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്ന കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള വിശദമായ പഠനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ